പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 3691 15.05.2017-ലെ മറുപടിക്ക്

# നിലമ്പൂർ - നഞ്ചൻകോട് റെയിൽപാതയുടെ സർവ്വെ നടപടികൾ

**ചോദ്യം**

ശ്രീ. പി.ഉബൈദുള്ള

**ഉത്തരം**

ജി. സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ - നഞ്ചൻകോട് റെയിൽ പാതയുടെ സർവ്വെ നടപടികൾ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>17.03.2017-ൽ കർണ്ണാടക അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (അടിസ്ഥാന സൗകര്യ വികസന വകുപ്പ്) അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിലമ്പൂർ - നഞ്ചൻകോട് റെയിൽപാത കേരളത്തിലെയും കർണ്ണാടകത്തിലെയും സംരക്ഷിത വനപ്രദേശങ്ങളിലൂടെയും കടുവ സങ്കേതത്തിലൂടെയുമാണ് കടന്നു പോകുന്നതിനാൽ ബദൽ പാത കണ്ടെത്താൻ തീരുമാനിച്ചിരുന്നു.<br>17.04.2017-ൽ ബംഗളൂരുവിൽ നടന്ന കേരള - കർണ്ണാടക ചീഫ് സെക്രട്ടറിതല യോഗത്തെ തുടർന്ന് ഡി.എം.ആർ.സി തയ്യാറാക്കിയ സ്കെച്ച് പ്രകാരമുള്ള നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതി സംബന്ധിച്ച തുടർനടപടികൾ നിർത്തിവച്ചിരിക്കുകയുമാണ്. |
| (ബി) | സർവ്വെ നടപടികൾക്കായി സംസ്ഥാന സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (ബി) | തുക ഒന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | സർവ്വെ നടപടികൾ പുനരാരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ